4512/2022

# എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

(സാന്നിധ്യം. ഹണി ജി അലക്സാണ്ടർ )

വിഷയം :- പൊതുവിദ്യാഭ്യാസം ജീവനക്കാര്യം-സർ-ക്കാർ പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം – സംബന്ധിച്ച്

പരാമർശം:- 1.1997-2002,2003-2005 കാലയളവിലെ പ്രൈമറി അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ്
2.21.10.2021 ലെ നം U2/364/2021-GEDN .സർക്കാർ കത്ത്
3.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.10.2021 തീയതിയിലെ എ 2/1570/2020/ഡി ജി ഇ നം കത്ത്

## ഉത്തരവ് നം .എ5/7293/2022 തീയതി 31-08-2022

പരാമര് ശം 3 കത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ നിലവിലെ സർക്കാർ പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിലെ ഒഴിവിലേക്ക് താഴെ പറയുന്ന പ്രൈമറി അദ്ധ്യാപകനെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിലെ ക്രമപ്രകാരം KS&SSR -ലെ ചട്ടം 31(a)(i) -ൽ വിവക്ഷിക്കുന്ന വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തി യോഗ്യത പരിഗണിക്കാതെ താൽകാലികമായി സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു .ഇപ്പോൾ നൽകുന്ന സ്ഥാനക്കയറ്റം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമവിധിക്ക് വിധേയമായിരിക്കുമെന്നും സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് അതിന്റെ അടിസ്ഥാനത്തിൽ മറ്റവകാശങ്ങൾക്കോ ആനുകൂല്യങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല എന്നും കൂടാതെ നിയമനം പ്രധാനാദ്ധ്യാപകരുടെ 2022-23 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് വിധേയമായി പുന:പരിശോധിക്കുന്നതുമായിരിക്കും എന്ന വ്യവസ്ഥക്ക് വിധേയമായിട്ടായിരിക്കും നടപ്പിൽ വരുത്തുന്നത് .

സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള അദ്ധ്യാപകൻ ഉടൻ പ്രാബല്യത്തിൽ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകർക്ക് നിലവിൽ ജോലി ചെയ്യുന്ന സ്കൂളിൽ നിന്നും സ്ഥലം മാറ്റം ലഭ്യമായെങ്കിൽ ടി സ്കൂളിലേക്ക് ഈ ഉത്തരവ് അടിയന്തിരമായി അയക്കേണ്ടതാണ് .സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകർ സ്കൂളിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുന്പ് അവർ സ്ഥാനക്കയറ്റത്തിനു നിയമപ്രകാരം യോഗ്യത നേടിയിട്ടുണ്ടോ എന്ന് പ്രഥമാദ്ധ്യാപകൻ സേവനപുസ്തകവുമായി ഒത്തു നോക്കി ഉറപ്പ് വരുത്തേണ്ടതും ,സ്ഥാനക്കയറ്റം ലഭിച്ചവർ നിലവിൽ സൂപ്പറാനുവേഷനിൽ പ്രവേശിച്ചിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതും 50 വയസ്സ് പൂർത്തീകരിക്കുകയോ അല്ലെങ്കിൽ ടെസ്റ്റ് യോഗ്യത നേടിയിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുമാണ് .അപാകതയുണ്ടെങ്കിൽ വിടുതൽ ചെയ്യാതെ വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ് .

| ക്രമ നം | റാങ്ക് നം | അദ്ധ്യാപകന്റെ പേരും സ്കൂളും | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട സ്കൂൾ |
|---|---|---|---|---|
| 1. | 189(2003-2005) | Shaji George,P.DTr,G.U.P.S Koothattukulam | 10.05.1975 | G.U.P.S Onakkoor South |

സ്ഥാനക്കയറ്റം ലഭ്യമായ പ്രൈമറി അദ്ധ്യാപകർക്ക് താൽകാലികമായോ ,സ്ഥിരമായോ സ്ഥാനക്കയറ്റം ത്യജിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട മാതൃകാഫോറത്തിൽ മേലാധികാരി സാക്ഷ്യപ്പെടുത്തി ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ഈ കാര്യാലയത്തിൽ

I/154512/2022

നേരിട്ട് സമർപ്പിക്കേണ്ടതാണ് .

സ്ഥാനക്കയറ്റം ലഭ്യമായ പ്രൈമറി അദ്ധ്യാപകർ വിട്ടുതൽ ചെയ്യുന്നതും പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ ബന്ധപ്പെട്ട സ്കൂൾ മേധാവിയും ,ഉപ ജില്ല വിദ്യാഭ്യാസ ഓഫീസറും ഈ കാര്യാലയത്തിൽ സമയബന്ധിതമായി അറിയിക്കേണ്ടതാണ് .

Signed by
Honey G Alexander
Date: 31-08-2022 15:40:50

ഹണി ജി അലക്സാണ്ടർ
പെൻ നം :-260395
വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

സ്വീകർത്താവ് :

1.എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2.ബന്ധപ്പെട്ട എല്ലാ ഗവ:സ്കൂൾ പ്രഥമാദ്ധ്യാപകർക്കും
3.ബന്ധപ്പെട്ട എല്ലാ ഗവ:സ്കൂൾ അദ്ധ്യാപകർക്കും
4.സെക്ഷൻ എ1,എ3,എ4 (വിദ്യാഭ്യാസ ഉപ ഡയറക്ടേറ്റ് ,എറണാകുളം )
5.കരുതൽ ഫയൽ